## അടിയന്തരപ്രമേയം

## വിമാനത്താവളങ്ങൾ വഴിയുള്ള മനുഷ്യക്കടത്ത്

മി. സ്പീക്കർ: കരിപ്പൂർ, നെടുമ്പാശ്ശേരി, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം വഴി മതിയായ രേഖകളൊന്നുമില്ലാതെ നിയമവിരുദ്ധമായി ഗൾഫ് നാടുകളിലേയ്ക്കും മറ്റും സ്ത്രീകളുൾപ്പെടെ ആയിരക്കണക്കിനാളുകളെ മനുഷ്യക്കടത്ത് നടത്തിക്കൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി.എസ്. .സുനിൽകുമാർ, മാത്യൂ റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ മനുഷ്യക്കടത്ത് സംബന്ധിച്ച റിപ്പോർട്ടുകൾ പത്രത്തിലുണ്ടായിരുന്നു. ആ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ മനുഷ്യക്കടത്തിനെക്കുറിച്ചുള്ള റിപ്പോർട്ടാണ് പത്രങ്ങളിൽ വന്നതെങ്കിലും മൂന്ന് എയർപോർട്ടുകളെക്കുറിച്ചും സത്വരമായ അന്വേഷണം നടത്തുന്നതിനുവേണ്ടി ഡി.ജി.പി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്പോൾ വിമാനത്താവളത്തിന്റെ സെക്യൂരിറ്റി കൈകാര്യം ചെയ്യുന്നത് ഐ.ബി യാണ്. നെടുമ്പാശ്ശേരി

വിമാനത്താവളമടക്കം കേരളത്തിലെ വിമാനത്താവങ്ങളിൽ ഐ.ബി-യുടെ കീഴിലാണ് എമിഗ്രേഷൻ നടന്നുകൊണ്ടിരിക്കുന്നത്. അവിടുത്തെ സെക്യൂരിറ്റി സംവിധാനത്തിന്റെ ചുമതല സി.ഐ.എസ്.എഫ്.നാണ് കേരളത്തിലെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ നടപടികൾ ഐ.ബി.ക്ക് കൈമാറ്റം ചെയ്യുന്നതിനുമുമ്പുള്ള കാര്യങ്ങളെ സംബന്ധിച്ചാണ് ഡി.ജി.പി.-യോട് അന്വേഷിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഡി.ജി.പി.-യുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതിശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളും കേന്ദ്രീകരിച്ച് ഏതാനും വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന അവിശ്വസനീയമായ ചവിട്ടിക്കടത്തൽ എന്ന ഓമനപ്പേരിലറിയപ്പെടുന്ന മനുഷ്യക്കടത്ത് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതുപോലെ വളരെ ലാഘവത്തോടുകൂടി കാണേണ്ടതായ കാര്യമല്ല. ഇത് .വളരെ വ്യാപകമായിരിക്കുകയാണെന്നും പതിനായിരത്തിലധികം ആളുകൾ ഇതിനകം മൂന്ന് എയർപോർട്ടുകളിലൂടെ വിവിധ വിദേശ രാജ്യങ്ങളിലെത്തിയെന്നും റിപ്പോർട്ടുകൾ വന്നിരിക്കുകയാണ്. കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. വയലാർ രവി കഴിഞ്ഞ ദിവസം പറഞ്ഞത് ഐ.ബി.-യെ ഏൽപ്പിച്ചിട്ടും മനുഷ്യക്കടത്ത് തടയാൻ സാധിക്കാതെ വന്നിരിക്കുന്നു എന്നാണ്. ശ്രീ. വയലാർ രവി ആരോടാണ് ഇത് ചോദിച്ചത്? ഐ.ബി യെ ഏൽപ്പിച്ചിട്ടും വിമാനത്താവളങ്ങളിലെ മനുഷ്യക്കടത്ത് തടയാൻ കഴിഞ്ഞില്ലെന്ന നിലപാട് കേരള ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കുന്ന ഒരു പ്രസ്താവനയാണ്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വത്തേയും രാജ്യരക്ഷാസംബന്ധമായ പ്രശ്നങ്ങളേയും തൊഴിൽ തേടിപ്പോകുന്നവരെ കണ്ണീരിലാഴ്ത്തുന്ന ഒരു സ്ഥിതിവിശേഷം,

നമ്മുടെ സഹോദരിമാരുടെ മാനം വിറ്റ് വ്യഭിചാരത്തിന് കൂട്ടുനിൽക്കുന്ന ഏർപ്പാട്, തീവ്രവാദികൾക്ക് വരാനും പോകാനും സൗകര്യംചെയ്തുകൊടുക്കുന്ന നിലയിൽ അയവേറിയ സമീപനം തുടങ്ങിയ ഗുരുതരമായ ധാരാളം പ്രശ്നങ്ങളാണ് ഈ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ടുള്ളത്. വിമാനത്താവളങ്ങളുടെ സെക്യൂരിറ്റി ഐ.ബി. യെ ഏൽപ്പിച്ചു എന്ന് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞു. കേരളത്തിൽ ബ്യൂറോ ഓഫ് എമിഗ്രേഷന്റെ ഭാഗമായിട്ടുള്ള ഉദ്യോഗസ്ഥർ പത്ത് ശതമാനമാണുള്ളത്. മുന്നൂറോളം വരുന്ന കോൺസ്റ്റബിൾ മുതൽ ഡിവൈ.എസ്.പി. വരെയുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെല്ലാം കേരള പോലീസിൽ നിന്നുള്ളവരാണ്. അവർ അഴിമതിരഹിതരും ഇലിസിറ്റായിട്ടുള്ള റിലേഷൻസ് ഇല്ലാത്തവരും സ്പെഷ്യൽ ബ്രാഞ്ചിന്റേയും വിജിലൻസിന്റേയും എൻ.ഒ.സി. ലഭിച്ചവരും അവരുടെ പൂർവ്വകാല ചരിത്രം പരിശോധിച്ച് അവർ നൂറ് ശതമാനം സത്യസന്ധരും വിശ്വസ്തരും ആയിരിക്കണമെന്നുമുള്ളതാണ് നിബന്ധന. ആ നിബന്ധനകൾ എന്തെങ്കിലും നിങ്ങൾ പാലിച്ചിട്ടുണ്ടോ? ഐ.ബി. യെ സഹായിക്കാൻവേണ്ടി നിയമിച്ചിട്ടുള്ള പോലിസുദ്യോഗസ്ഥരുടെ ട്രാക്ക് റിക്കോർഡിനെ സംബന്ധിച്ച് നിങ്ങൾക്ക് എന്തെങ്കിലും വിവരങ്ങളുണ്ടോ? അതുകൊണ്ടാണ് ശ്രീ. വയലാർ രവി സൂചിപ്പിച്ചത്, വിമാനത്താവളങ്ങളുടെ സെക്യൂരിറ്റി ഐ.ബി ക്ക് കൈമാറിയിട്ടും ഇവർ നൽകുന്ന പോലീസുകാരുടെ ധാർഷ്ട്യത്തേയും അഴിമതിയേയും തടയാൻ ഞങ്ങൾ നിസ്സഹായരാണ് എന്നുള്ള നിലപാട് സ്വീകരിക്കുന്നത് എന്ന്. എമിഗ്രേഷൻ എന്നുപറയുന്നത് ഇന്റർനാഷണൽ എയർ ചെക്ക്പോസ്റ്റാണ്. അത് അതിർത്തി കാക്കുന്ന പട്ടാളക്കാരുടെ ജോലിക്ക് തുല്യമായ ഒരു പ്രവർത്തിയാണ്. വാഗ അതിർത്തിയെപ്പോലെ സുപ്രധാനമാണ്. പട്ടാളക്കാരെപ്പോലെ അച്ചടക്കവും വിശ്വസ്തതയു

മെല്ലാം ആവശ്യമായ ജോലിയാണിത്. അതിലേയ്ക്ക് എന്ത് മാനദണ്ഡത്തി ലാണ് നിങ്ങൾ ആളുകളെ നിയമിച്ചിട്ടുള്ളത്? എൽ.ഡി.എഫ്. ഭരിക്കുമ്പോൾ എ.ഡി.ജി.പി ഇന്റലിജൻസ് സ്വതന്ത്രമായിട്ടാണ് നിയമനം നടത്തിയിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി എയർപോർട്ടുക ളിൽ എമിഗ്രേഷനിൽ ജോലിക്കുവേണ്ടി ആളുകളുടെ തള്ളിക്കയറ്റമാണ് സംഭ വിക്കുന്നത്. രാഷ്ട്രീയ നിയമനമാണ് ഇപ്പോൾ നടക്കുന്നത്. ഇതിന്റെ ഭാഗ മായി ഏഴ് പേരെ സസ്പെൻഡ് ചെയ്തു. എന്തിനാണ് അവരെ സസ്പെൻഡ് ചെയ്തത്. ഈ സസ്പെൻഷന്റെ തുടർച്ചയായി എന്താണ് ചെയ്തത്? നെടുമ്പാശ്ശേരി എയർപോർട്ടിലെ അജീബ് എന്ന പോലീസ് കോൺസ്റ്റ ബിളിന്റെ അച്ഛന്റെ അക്കൗണ്ടിലേയ്ക്ക് 60 ലക്ഷം രൂപയാണ് വന്നിരിക്കു ന്നത്. എങ്ങനെയാണ് 60 ലക്ഷം രൂപ ഒരു പോലീസ് കോൺസ്റ്റബിളിന്റെ അച്ഛന്റെ അക്കൗണ്ടിലേയ്ക്ക് വന്നത്. രാത്രിയുടെ അന്ത്യയാമങ്ങളിൽ മനുഷ്യ ക്കടത്തിന് നേതൃത്വം കൊടുത്ത് എ.ടി.എം. വഴി പണം ഉറപ്പുവരുത്തിയാണ് ആളുകളെ ചവിട്ടിക്കയറ്റുന്നത്. അജീബ് അവിടത്തെ സർക്കിൾ ഇൻസ്പെക്ട റുമായി 1074 തവണയാണ് ഫോണിൽ സംസാരിച്ചത്. രാത്രി പത്ത് മണി മുതൽ നേരം പുലരുന്നതുവരെ ടെലിഫോൺ സംഭാഷണം നടത്താൻ അജീബും സർക്കിൾ ഇൻസ്പക്ടറും തമ്മിൽ പ്രണയത്തിലാണോ? ഈ സർക്കിൾ ഇൻസ്പെക്ടർറെ സംബന്ധിച്ച് എന്താണ് നിങ്ങളുടെ നിലപാട്? അയാൾക്കെതിരെയുള്ള നടപടിയുടെ ആവശ്യം സൂചിപ്പിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചത് ഒക്ടോബറിലാണ്. ഒക്ടോബറിൽ സമർപ്പിച്ച ഈ റിപ്പോർട്ടിന് ഒരു തുടർ നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല ഈ വാർത്ത മാധ്യമങ്ങളി ലൂടെ ചോർന്ന് വന്നപ്പോൾ ഈ റിപ്പോർട്ട് കൊടുത്ത ഡിവൈ.എസ്.പി സോമ

രാജനെ സ്ഥലം മാറ്റി മലപ്പുറം എ.ആർ. ക്യാമ്പിലേയ്ക്ക് അയച്ച ഗവൺമെന്റാണിത്. മനുഷ്യക്കടത്ത് കണ്ടുപിടിച്ച പോലീസുദ്യോഗസ്ഥനെ ആ സ്ഥാനത്തുനിന്ന് നീക്കം ചെയ്ത് എ.ആർ. ക്യാമ്പിലേയ്ക്ക് സ്ഥലം മാറ്റി. സിംകാർഡുകൾ വ്യാപകമായിട്ടെടുക്കുകയും പാസ്പോർട്ടുകളിൽ ഫോട്ടോ മാറ്റി ഒട്ടിച്ച് ആളുകളെ ചവിട്ടിക്കയറ്റുകയും ചെയ്യുന്നതുൾപ്പെടെ ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ഇതിനൊരു പതിവ് മറുപടി ആഭ്യന്തര വകുപ്പു മന്ത്രിയുടെ കൈയിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. 2003-ൽ അദ്ദേഹം അവിടെ വന്നു, 2007-ൽ അവിടെനിന്നു പോയി തിരിച്ചെത്തുകയും ചെയ്തു. അഴിമതിക്കാരനാണെന്നുകണ്ട് 2011-ൽ അദ്ദേഹത്തെ സ്ഥലം മാറ്റിയ താണ്. പിന്നെ എങ്ങനെയാണ് 2012-ൽ ഇദ്ദേഹം തിരിച്ചെത്തിയത്. അതിന് 10 ലക്ഷം രൂപ അയാൾക്ക് ചെലവഴിക്കേണ്ടിവന്നു എന്ന് മാതൃഭൂമി പത്രമാണ് റിപ്പോർട്ട് ചെയ്തത്. ആർക്കാണ് 10 ലക്ഷം രൂപ കിട്ടിയതെന്നതിനെ സംബന്ധിച്ച് നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? അന്വേഷണം നടത്തിയ സോമരാജനെ മലപ്പുറം എ.ആർ. ക്യാമ്പിലേയ്ക്ക് മാറ്റിയതെന്തിനായിരുന്നു; വളപട്ടണം പോലീസ് സ്റ്റേഷനിലെ എസ്.ഐ. ചെയ്ത കുറ്റം എന്തായിരുന്നു? മണൽ മാഫിയയെ പിടി കൂടിയതിന്റെ പേരിൽ ഒരു പോലീസ് സ്റ്റേഷനിൽക്കയറി.....

ശ്രീ. ജി. സുധാകരൻ : സർ, മുഖ്യമന്ത്രി എന്തുചെയ്യുകയാണ്? ഇത്രയും ഗൗരവമായ ഒരു കാര്യം സഭയിൽ അവതരിപ്പിക്കുമ്പോൾ അത് ശ്രദ്ധിക്കാത്തത് ശരിയാണോ?

ശ്രീ. ടി.എൻ. പ്രതാപൻ : ബഹുമാനപ്പെട്ട അംഗം നോട്ടീസ് ആഭ്യന്തര വകുപ്പുമന്ത്രിക്കാണ്. അദ്ദേഹം അത് ശ്രദ്ധിക്കുന്നുണ്ട്. ..........(ബഹളം) ...........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : കേരളത്തിലെ എയർപോർട്ടുകളിൽ നടക്കുന്ന രാജ്യരക്ഷയ്ക്ക് ഭീഷണിയാകുന്ന കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. ഇക്കാര്യം മുഖ്യമന്ത്രികൂടി ശ്രദ്ധിക്കേണ്ടതാണ്. സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥൻമാരോട് ഈ ഗവൺമെന്റിന്റെ സമീപനമെന്താണ് എന്നതാണ് ഡിവൈ.എസ്.പി സോമരാജനെ മലപ്പുറം എ.ആർ ക്യാമ്പി ലേയ്ക്ക് മാറ്റിയതിലൂടെ നിങ്ങൾ തെളിയിച്ചത്. ഇതേ സമീപനമാണ് വളപട്ടണം പോലീസ് സ്റ്റേഷനിലെ എസ്.ഐ യോട് ചെയ്തത്. പോലീസ് സ്റ്റേഷനിൽ ചെന്ന് മണൽ മാഫിയയെ പിടികൂടിയ എസ്.ഐ യോട് എന്ത് ധിക്കാരത്തോടുകൂടിയാണ് ഒരു ഭരണകക്ഷി എം.പി പെരുമാറിയതെന്ന് ദൃശ്യ മാധ്യമങ്ങളിലൂടെ ലോകം മുഴുവൻ കണ്ടതാണ്. ആ എസ്.ഐ-യോട് എന്ത് സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. അദ്ദേഹത്തെ അവിടെനിന്ന് സ്ഥലം മാറ്റി തൊട്ടടുത്ത നാട്ടിലേയ്ക്ക് നാടുകടത്തുന്നതിന് നേതൃത്വം കൊടുത്ത ഗവൺമെന്റല്ലേ? എങ്ങനെയാണ് വിമാനത്താവളങ്ങളിൽ ചവിട്ടിക്കയറ്റം നട ത്തുന്നത്? കൗണ്ടറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ പ്ലാൻ ചെയ്ത് അയാളുടെ മുന്നിൽ എത്തിക്കുന്നു. പോലീസുകാർ ബന്ധപ്പെട്ട, സെലക്ട് ചെയ്യപ്പെട്ട കൗണ്ടറിൽ ആളുകളെ എത്തിക്കുന്നു. എസ്.ഐ ഇത് കണ്ടില്ലെന്ന് നടിക്കു മ്പോൾ കാൽ ലക്ഷം രൂപ അയാൾക്ക് കിട്ടുന്നു. തൊട്ടടുത്ത് മുകൾതല ങ്ങളിൽ ചെല്ലുമ്പോൾ അവിടേയും കണ്ടില്ലെന്ന് നടിക്കുന്നു. അങ്ങനെ ശരാ ശരി 50 പേർ ഒരു ദിവസം കടന്നുപോകുമ്പോൾ ഏകദേശം 10 ലക്ഷം രൂപ യുടെ കൈമാറ്റമാണ് നടക്കുന്നതെന്നാണ് പറയുന്നത്. ഗൾഫ് സ്വപ്നം കാണുന്ന പാവങ്ങളെയാണ് ഇങ്ങനെ വഞ്ചിക്കുന്നത്. പത്താം ക്ലാസ് പാസ്സാ കാത്തവർക്ക് ഇ.സി.ആർ. സർട്ടിഫിക്കറ്റ് പ്രൊട്ടക്ഷൻ ഓഫ് ഇമിഗ്രേഷൻ

(പി.ഒ.ഐ.)-ൽ നിന്നാണ് ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. ഇതിനായി 300 രൂപയാണ് ചെലവാക്കേണ്ടത്. സർട്ടിഫിക്കറ്റ് വാങ്ങാൻ അറിവില്ലാത്ത കഴിവി ല്ലാത്ത ആളുകളെ എയർപോർട്ടിൽ വച്ച് ഞങ്ങളിത് ശരിയാക്കിത്തരാം എന്നു പറഞ്ഞ് 25000 രൂപ വാങ്ങുകയും പാവപ്പെട്ട ആളുകളെ ചവിട്ടിക്കയറ്റി അയയ്ക്കുകയുമാണ് ചെയ്യുന്നത്. ഈ പാവങ്ങളുടെ അനുഭവമാണ് ബെന്ന്യാമിന്റെ ആടുജീവിതത്തിൽ വിശദീകരിച്ചത്. 250 രൂപയ്ക്ക് ജോലി ചെയ്ത് ജീവിച്ചുപോകുന്ന പാവപ്പെട്ട മണൽ തൊഴിലാളികൾ സ്വന്തം സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി, വിദേശത്തുപോയി നാലരവർഷം പച്ചവെള്ളം കുടിക്കാതെ സൂര്യനുകീഴെ മരുഭൂമിയിൽ കഴിഞ്ഞുകൂടിയ ബെന്ന്യാമിന്റെ ആടുജീവിതത്തിലേയ്ക്ക് മലയാളികളെ തള്ളിവിടുന്ന പരിപാടിയാണ് ആഭ്യന്തരവകുപ്പ് ചെയ്യുന്നത്. ഇവർ തിരികെയെത്തിയാൽ വീടിനും നാടിനും അപമാനകരം കുടുംബത്തിന് ആകമാനം ഭാരം. ഇങ്ങനെ യുള്ള എത്ര വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഷാർജയിലെ സെക്സ് റാക്കറ്റിന് ആളുകളെ സപ്ലൈ ചെയ്യുന്നത് ഇവിടെ നിന്നാണ്. ഗുജറാത്തിൽ നിയന്ത്രണമുള്ള വിഭാഗമാണ് പട്ടേൽ വിഭാഗം. ആ വിഭാഗ ത്തിന് യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പോകണമെങ്കിൽ ഒരുലക്ഷം രൂപ മുതൽ അഞ്ചുലക്ഷം രൂപവരെ കൈക്കൂലി വാങ്ങി കടന്നുപോകാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നത് കേരളത്തിലെ എയർപോർട്ടുകളിലാണ്. ശ്രീലങ്കയിലെ അഭയാർത്ഥികളും തീവ്രവാദ ബന്ധമുള്ളവരും ആസ്ട്രേലിയ യിലും യൂറോപ്പിലും പോകണമെങ്കിൽ അവർ സെലക്ട് ചെയ്യുന്ന പാതയും ഇതുതന്നെയാണ്. ഈ നിലയിൽ കേരളത്തിലെ എയർപോർട്ടുകളെ പൂർണ്ണ മായും ഉപയോഗിക്കുകയാണ്. 2012 ജനുവരി മുതൽ ജൂൺ വരെ 5000

പേരും 2011 നവംബർ മാസത്തിൽ 700 പേരും ഉൾപ്പെടെ 14,000-ൽ അധികം ആളുകൾ ഇത്തരത്തിൽ കടന്നുപോയതായി റിപ്പോർട്ടിൽ പറയുന്നു. ഇത് തട യാൻ ഞങ്ങൾക്ക് കഴിയുന്നില്ലെന്ന് കേന്ദ്ര പ്രവാസി കാര്യവകുപ്പുമന്ത്രി പറയുന്നു. 8 ഡിവൈ.എസ്.പി. മാർ, 20 സി.ഐ. മാർ, 50-ൽ അധികം എസ്.ഐ. മാർ ഇവരെല്ലാം സംശയത്തിന്റെ മുൾമുനയിലാണെന്ന റിപ്പോർട്ട് വന്നിട്ടുണ്ട്. ഇതെല്ലാം വളരെ ഗൗരവമായി ഇവിടെ ചർച്ച ചെയ്യപ്പെടണം. നെടുമ്പാശ്ശേരിയിൽ നിന്ന് തടിയന്റവിട ഷമീം എന്ന തീവ്രവാദി രക്ഷപ്പെട്ടെന്ന വാർത്ത സംബന്ധിച്ച് എന്താണ് ഗവൺമെന്റിന്റെ അഭിപ്രായം; തീവ്രവാദികൾ വന്നോ, പോയോ, ലുക്ക് ഔട്ട് നോട്ടീസിലുള്ളവർ ഇക്കൂട്ടത്തിൽ കടന്നുപോ യിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. സ്പെസിഫിക്ക് ആയിട്ടുള്ള ചോദ്യങ്ങൾക്ക് ഈ ഗവൺമെന്റ് ഉത്തരം പറയണം. ഒന്ന്, ബ്യൂറോ ഓഫ് എമിഗ്രേഷൻസിന് നിങ്ങൾ കൈമാറിയ 300 പോലീസ് ഉദ്യോഗസ്ഥരുടെ മാനദണ്ഡം എന്തായി രുന്നു? ആ 300 പേർക്കും എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ? വിജിലൻസിന്റെയും ഇന്റലിജൻസിന്റെയും എൻ.ഒ.സി ലഭിച്ചിട്ടാണോ കേരള പോലീസിൽ നിന്നും 300 പേരെ കൈമാറിയത്? രണ്ട്, വിജിലൻസ് കേസ്സിൽ ഉൾപ്പെട്ടവരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? എമിഗ്രേഷൻ വിഭാഗത്തിലുള്ള എ.പി. അജീബ് ഉൾപ്പെടെയുള്ള 13 പേർക്ക് മനുഷ്യക്കടത്തിൽ പങ്കുള്ളതായി പറയുന്ന ഡിവൈ.എസ്.പി. സോമരാജന്റെ അന്വേഷണ റിപ്പോർട്ട് എവിടെയാണ്? അതി ന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചത്? നാല്, സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ അജീബിനും ബന്ധപ്പെട്ട സി.ഐ.യ്ക്കുമെതിരെയുള്ള റിപ്പോർട്ട് എവിടെയാണ്? അത് നിങ്ങൾ എന്തുചെയ്തു?

മി. സ്പീക്കർ : യെസ്..........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ഞാൻ അവസാനിപ്പിക്കാം. അജീബിനെതിരെയുള്ള അന്വേഷണ റിപ്പോർട്ട് പത്രങ്ങൾക്ക് ചോർന്നിട്ട് എന്താണ് നിങ്ങൾ ചെയ്തത്? ഉന്നത ഉദ്യോഗസ്ഥർ സമർപ്പിച്ച ഈ റിപ്പോർട്ട് ചോർന്നതെങ്ങനെ; ആരാണ് അതിന്റെ ഉത്തരവാദിയെന്ന് അന്വേഷിച്ചോ? അജീബിന് രണ്ടാമത് നിയമനം ലഭിക്കാൻ ചെലവ് ചെയ്തതായി മാതൃഭൂമി പത്രത്തിൽ വാർത്ത വന്നു. അത് ആർക്കാണ് കിട്ടിയതെന്ന് അന്വേഷിച്ചോ? അനധികൃത ഒത്താശകളുടെ പേരിൽ കരിപ്പൂരിൽ മാത്രം സസ്പെന്റ് ചെയ്യപ്പെട്ട 7 ഉദ്യോഗസ്ഥരെ കുറിച്ചുള്ള തുടരന്വേഷണം നിറുത്തിവച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ്; ആർക്കായിരുന്നു അതിന് താൽപ്പര്യം?

മി. സ്പീക്കർ : യെസ്..........ശ്രീ. പി. ശ്രീരാമകൃഷ്ണൻ, 10 മിനിട്ടാകുന്നു, പ്ലീസ്.......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ഞാൻ രണ്ട് മിനിട്ട് കൊണ്ട് അവസാനിപ്പിക്കാം.

മി. സ്പീക്കർ : എല്ലാം പ്രധാനപ്പെട്ട വിഷയങ്ങളാണ്. പ്ലീസ്.........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : കോഴിക്കോട് എയർപോർട്ടിൽ ഇക്കാര്യങ്ങൾ നടപ്പാക്കിക്കൊടുക്കാൻ എ.ഐ.സി.സി. ഉള്ളതായി വാർത്ത വന്നു. എന്താണ് എ.ഐ.സി.സി. എന്നുള്ളത് സംബന്ധിച്ച് നിങ്ങൾക്ക് സാമാന്യമായ ബോധമുണ്ടോ; കോഴിക്കോട് എ.ഐ.സി.സി. എന്നുകേൾക്കുമ്പോൾ മൊയ്തുമൗലവിയുടെ പേരാണ് ഓർമ്മ വരുന്നത്. കോഴിക്കോട് കടൽപ്പുറത്ത് ബ്രിട്ടീഷ് പട്ടാളക്കാരന്റെ ഭീകരമായ മർദ്ദനമേറ്റുവാങ്ങുമ്പോൾ ത്രിവർണ്ണ പതാക മാറോട് അടക്കിപ്പിടിച്ച് സ്വരാജ്യത്തിന്റെ മുദ്രാവാക്യം വിളിച്ച

മൊയ്തുമൗലവിയുടെയും മുഹമ്മദ് അബ്ദുറഹിമാന്റെയും പാരമ്പര്യം. വാടാനാംകുറിശി മുതൽ പെരിന്തൽമണ്ണ വരെയുള്ള സ്ഥലം മുഴുവൻ തീറെഴുതിക്കൊടുത്ത് പാട്ടപ്പറ തല്ലിപ്പൊളിക്കണമെന്ന് പ്രഖ്യാപിച്ച ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് കെ.പി.സി.സി.യുടെ ജനറൽ സെക്രട്ടറിയായിരുന്ന പാരമ്പര്യം, ആ പാരമ്പര്യമാണ് കോഴിക്കോട് ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യം. ആ ദേശീയ പ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങളിലേയ്ക്ക് ഒരു നാടിനെ നയിച്ചിട്ടുള്ള കോഴിക്കോട്ടെ ഒരു എ.ഐ.സി.സി. - ആ പേര് അവർ തന്നെ വെളിപ്പെടുത്തട്ടെ, ആ ഒരു എ.ഐ.സി.സി. ആണത്രേ ഈ കാര്യങ്ങളെല്ലാം എയർപോർട്ടിൽ ചെയ്തുകൊടുക്കുന്നത്. മൊയ്തുമൗലവിയുടെയും മുഹമ്മദ് അബ്ദുറഹിമാന്റെയും ഇ.എം.എസ്.-ന്റെയും കേളപ്പന്റെയും പാരമ്പര്യമുള്ള എ.ഐ.സി.സി. യെ നിങ്ങൾ എ.ഐ.എം.സി. ആക്കി മാറ്റി. ആൾ ഇൻഡ്യ മനുഷ്യക്കടത്ത് കമ്മിറ്റി. എ.ഐ.സി.സി. ആൾ ഇൻഡ്യ മനുഷ്യക്കടത്ത് കമ്മിറ്റിയായി മാറിയിരിക്കുകയാണ്. അതിനുകൂട്ടു നിൽക്കുന്ന ഐ.യു.എം.എൽ. - എയർപോർട്ടിൽ ഉന്തിക്കയറ്റി മരുഭൂമിയിൽത്തള്ളുന്ന ലീഗാണ്.

മി. സ്പീക്കർ : യെസ്.........പ്ലീസ്....... കൺക്ലൂഡ്......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ഐ.യു.എം.എൽ. ഇപ്പോൾ എ.യു.എം.എൽ. ആയി മാറി. എയർപോർട്ടിൽ ഉന്തിത്തള്ളി മനുഷ്യനെ മരുഭൂമിയിൽത്തള്ളുന്ന ലീഗായി മാറി....................(ബഹളം)...................

മി. സ്പീക്കർ : യെസ്.............യെസ്...........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ബെന്ന്യാമിന്റെ ആടുജീവിതത്തിന് സമാനമായി ഗൾഫ് സ്വപ്നമുള്ള പാവപ്പെട്ട ആളുകളെ മരുഭൂമിയിൽ തള്ളുന്ന എ.

യു.എം.എൽ.- ഉം എ.ഐ.എം.സി. യും ചേർന്ന് നടത്തുന്ന ഈ ധാർഷ്ട്യം ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ വളരെ ശാന്തമായി കേട്ടിരുന്നു. ഞാൻ പറയുന്ന കാര്യങ്ങളും കേട്ടിരിക്കും എന്നുള്ള പ്രത്യാശ ഞാൻ വച്ചുപുലർത്തുന്നു. തിരുവനന്തപുരം എയർപോർട്ട് 15-5-2012 മുതലും നെടുമ്പാശ്ശേരി എയർപോർട്ട് 19-5-2012 മുതലും കരിപ്പൂർ എയർപോർട്ട് 19-3-2012 മുതലും കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നുപറഞ്ഞാൽ നമ്മൾ സംസാരിക്കുന്ന ഈ സമയം അത് കേരള ഗവൺമെന്റിന്റെ കീഴിലല്ല എമിഗ്രേഷൻ വകുപ്പിന്റെ കീഴിലാണ്. ഐ.ബി.-യിലേയ്ക്ക് ആരാണ് ആളിനെയെടുക്കുന്നതെന്ന് നേരത്തേ ഇവിടെ സുചിപ്പിച്ചു. ഐ.ബി.-യിലേയ്ക്ക് വെരിഫിക്കേഷൻ നടത്തിയതിനുശേഷമാണ് ആളിനെ എടുക്കുന്നത്. ഐ.ബി. തന്നെയാണ് വെരിഫിക്കേഷൻ നടത്തുന്നത്. അതുകൊണ്ട് ഇവരുടെ ട്രാക്ക് റിക്കോർഡ്സ് എല്ലാം നോക്കാനുളള ബാദ്ധ്യത സെലക്ഷൻ നടത്തുന്ന ഐ.ബി. ക്കാണ്. അതെല്ലാം നോക്കിയതിനുശേഷമാണ് ഐ.ബി. യിലേയ്ക്ക് ആളിനെ എടുക്കുന്നത്. ഇവിടെ തടിയന്റവിട ഷമീമിനെക്കുറിച്ച് പറഞ്ഞു. തടിയന്റവിട ഷമീമിനെതിരായി ലുക്ക് ഔട്ട് നോട്ടീസ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അങ്ങേയ്ക്കും അറിയാമെന്ന് എനിക്ക് തോന്നുന്നു. അടിയന്തരപ്രമേയമായതുകൊണ്ട് മറച്ചുവെച്ചുവെന്നാണ് കരുതുന്നത്. തടിയന്റവിട ഷമീമിനെതിരായുള്ള കേസ് കവർച്ചക്കേസ്സാണ്. അത് ഗവൺമെന്റ് ലൂക്ക് ഔട്ട് നോട്ടീസ് കൊടുത്ത്

സാധാരണ ഗതിയിൽ ചെയ്യുന്നതിനെക്കാൾ കൂറച്ചുകൂടി പ്രാധാന്യത്തോടു കൂടി കേസ് അന്വേഷിച്ചുകൊണ്ടിരിക്കുയകാണ്. മനുഷ്യക്കടത്തിന് കൂട്ടുനിന്ന അജീബിനെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ആ ഉത്തരവാദിത്വവും ഞങ്ങളുടെമേൽ ഏൽപ്പിക്കണോ? സി.പി.ഒ. 109070 അജീബ് എ.പി., 13-12-2007 മുതൽ 5-7-2011 നെടുമ്പാശ്ശേരി എയർപോട്ടിലെ എമിഗ്രേഷനിൽ തന്നെയാണ് വർക്ക് ചെയ്തിരുന്നതെന്നുള്ളത് അങ്ങ് അറിഞ്ഞാൽ മതി. അങ്ങയുടെ അറിവിനായി ഞാൻ ഒരു കാര്യം കൂടി പറയാം. പ്രകോപനം ഉണ്ടാകണ്ട, ശാന്തമായി നമുക്കിത് ആലോചിക്കാം. 6-12-2003-ൽ എയർപോർട്ടിൽ നിന്ന് ഈ അജീബിനെ മാറ്റിയതാണ്. തുടർന്ന് 7-8-2006-ൽ കൊച്ചി സീപോർട്ട്-ൽ ജോയിൻ ചെയ്തു. കാലം ഓർക്കണം. ഡേറ്റ് ഒന്നും മറക്കണ്ട. അവിടെ നിന്നും 13-12-2007-ൽ കൊച്ചിൻ എയർപോർട്ടിൽ അദ്ദേഹത്തെ തിരിച്ച് ജോയിൻ ചെയ്യിച്ചു. ആ ഉത്തരവാദിത്തം ഞങ്ങളെ ഏൽപ്പിക്കാതിരുന്നാൽ മതി. പക്ഷേ, അജീബ് ചെയ്തത് എന്ത് കുറ്റമാണെ ങ്കിലും ഞങ്ങൾ അതിനെതിരായുള്ള കേസ് എടുത്തിട്ടുണ്ട്, അന്വേഷണം കൃത്യമായി പോകും. ഉപ്പുതിന്നവൻ വെള്ളം കുടിയ്ക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അങ്ങിവിടെ സൂചിപ്പിച്ച എമിഗ്രേഷനുമായി ബന്ധപ്പെട്ട്, പരസ്യമായി ഈ നിയമസഭയിൽ നിന്ന് പറയാൻ ലജ്ജിക്കുന്ന വിധത്തിലുള്ള ഒരു പദപ്രയോഗം ഞാൻ നടത്തുന്നില്ല. ചില മോശം പ്രവർത്തനങ്ങൾക്ക് വേണ്ടി നമ്മുടെ സഹോദരിമാരെ വിനിയോഗിക്കുന്ന സമീപനമുണ്ടായി. മുബീന എന്ന പെൺകുട്ടി നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും അനധികൃതമായി ഗൾഫ് രാജ്യത്തേയ്ക്ക് കടത്തപ്പെടുകയും അവിടെ വച്ച് പീഡിപ്പിക്കപ്പെടുകയും ചെയ്തതായി ഇൻഫർമേഷനുണ്ട്. ഇതുമായി

ബന്ധപ്പെട്ട് നെടുമ്പാശ്ശേരി എയർപോർട്ട് എമിഗ്രേഷൻ സബ് ഇൻസ്പെക്ടർ രാജുമാത്യു ഉൾപ്പെടെ 5 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. ആ കേസ്സിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. അതിൽ 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഗൾഫിൽ നിന്ന് 2 പ്രതികളെ കിട്ടാനുണ്ട്. അവരെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അവരെ കൂടി കിട്ടിക്കഴിഞ്ഞാൽ ഈ കേസ് വളരെ കൃത്യമായി പോകും. നമ്മുടെ സഹോദരിമാരുടെ സ്ത്രീത്വം അപമാനിക്കുന്ന സാഹചര്യത്തോട് ഒരു കാരണവശാലും ഈ സഭയ്ക്ക് കോംപ്രമൈസ് ചെയ്യാൻ കഴിയില്ലെന്നെനിക്കറിയാം. അതേ രൂപത്തിലുള്ള ശക്തമായ നടപടിയായിരിക്കും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. അതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങൾ പത്രത്തിൽ വന്നപ്പോൾ തന്നെ അന്വേഷണം തുടങ്ങിയിരിക്കുകയാണ്. ഐ.ബി. -ക്ക് വിടുന്നതിനുമുമ്പുള്ള സാഹചര്യത്തെക്കുറിച്ച് മാത്രമാണ് കേരളാ പോലീസിന് ഇപ്പോൾ അന്വേഷിക്കാൻ കഴിയുന്നത്. കേസ് ഐ.ബി. -ക്ക് പോയിക്കഴിഞ്ഞതിനുശേഷമുള്ള അന്വേഷണം നടത്തേണ്ടത് ഐ.ബി. യാണ്. അവരുടെ തലത്തിൽ അന്വേഷണം നടത്തുമെന്നുള്ളതാണ് എന്റെ പ്രതീക്ഷ. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ എയർപോർട്ടിൽ പോലീസ് സ്റ്റേഷൻ ഇല്ലാത്ത സ്ഥലങ്ങളുമുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷൻ വേണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അത്തരത്തിൽ പോലീസ് സ്റ്റേഷനുകൾ ഉണ്ടെങ്കിൽ മാത്രമേ ദ്രുതഗതിയിൽ നടപടി എടുക്കാൻ സാധിക്കുകയുള്ളു. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് കാത്തിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയാലുടൻ ഈ പറയുന്ന സ്ഥലങ്ങളിൽ

ആവശ്യമായ രൂപത്തിലുള്ള പോലീസ് സ്റ്റേഷൻ സ്ഥാപിച്ച്, അവിടെ സഫിഷ്യന്റ് ആയിട്ടുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു. ഇതുപോലുള്ള ദുർവാർത്തകൾ ഉണ്ടാകാത്ത തരത്തിൽ നടപടിയെടുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഗവൺമെന്റ് അത് ചെയ്യുകയും ചെയ്യും. നേരത്തേ പറഞ്ഞതുപോലെ, ഡി.ജി.പി. യുടെ അന്വേഷണം കഴിഞ്ഞ് റിപ്പോർട്ട് വരുന്ന മുറയ്ക്ക് ആ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുമെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരേ അഭിപ്രായമാണ് ഉണ്ടാകാൻ സാദ്ധ്യതയെന്ന് ഞാൻ കണക്കാക്കുകയാണ്. ഇക്കാര്യങ്ങൾ ഗവൺമെന്റ് അന്വേഷിക്കുന്നതാണ്. സഭയിൽ ചർച്ച ചെയ്യുമ്പോൾ സമയ പരിധികൊണ്ട് കുറച്ച് കാര്യങ്ങളെ വന്നിട്ടുണ്ടാകുകയുള്ളൂ. അതിനെക്കാൾ അപ്പുറത്ത് എന്തെങ്കിലും പുതിയ കാര്യങ്ങളുണ്ടെങ്കിൽ ആ പരാതിയും ഗവൺമെന്റ് സ്വീകരിക്കും അതിനുശേഷം എല്ലാ കാര്യത്തെക്കുറിച്ചും സ്റ്റേറ്റ് പോലീസ് ചീഫായ ഡി.ജി.പി.യെപ്പോലെ അത്യുന്നതനായ ഒരു വ്യക്തിയെവച്ച് ഇതിനെക്കുറിച്ച് അന്വേഷണം നടത്തും. ഞങ്ങൾ സമയം നിശ്ചയിച്ച് കൊടുത്തിട്ടുണ്ട്. രണ്ടാഴ്ച സമയത്തിനുള്ളിൽ ഇതിന്റെ റിപ്പോർട്ട് കിട്ടിയാൽ നിയമപരമായി എടുക്കാവുന്ന നടപടികൾ എടുക്കും. കേന്ദ്ര ഗവൺമെന്റ് എടുക്കേണ്ട നടപടിക്ക് അവരോട് അഭ്യർത്ഥിക്കും. കേരളം സുരക്ഷിതമാക്കുന്നതിനുവേണ്ടിയുള്ള നടപടിയുമായി മുന്നോട്ടു പോകും. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല എന്ന് ഗവൺമെന്റ് ഈ സന്ദർഭത്തിൽ കരുതുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടി ഒരല്പം പ്രതീക്ഷ നൽകുന്നതായതുകൊണ്ട് ഞങ്ങൾ ഉടനെ വാക്കൗട്ട് ചെയ്യുന്നില്ല. കേന്ദ്രമന്ത്രി ശ്രീ. വയലാർ രവി ഐ.ബി.യുടെ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റ് കാര്യമായി പരിഗണിക്കുന്നില്ല എന്ന സ്വരത്തിൽ പരസ്യമായി പ്രകടിപ്പിച്ച അഭിപ്രായം നമ്മുടെയെല്ലാം ശ്രദ്ധയിൽ ഉയർന്നുനിൽക്കുകയാണ്. അതുകൊണ്ട് അതിന്റേയും കൂടി അടിസ്ഥാനത്തിൽ മാത്രമേ ബഹുമാനപ്പെട്ട സംസ്ഥാന മന്ത്രിയുടെ ഈ ഉറപ്പ് പരിഗണിക്കാനൊക്കുകയുള്ളൂ. എന്നാലും അങ്ങയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം കുറച്ച് ഉറപ്പ് പറഞ്ഞിരിക്കുകയാണ്. അദ്ദേഹം മുൻപ് കൈകാര്യം ചെയ്തിട്ടുള്ള കുറച്ച് കാര്യങ്ങളിൽ എനിക്ക് തന്നെ നേരിട്ട് അറിയാവുന്ന കാര്യങ്ങളുണ്ട്. എന്നിരുന്നാലും പ്രതീക്ഷ നൽകുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ മറുപടി വിശ്വസിച്ചിട്ട് കേരളത്തിന്റെ അന്തസ്സ്, നമ്മുടെ സഹോദരിമാരുടെ അന്തസ്സ് കെടുത്തുംവിധത്തിലുള്ള നാണംകെട്ട സമീപനമാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കി അടിയന്തരസ്വഭാവത്തോടുകൂടിയുള്ള ഒരു നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് മന്ത്രിയുടെ ഉറപ്പ് നടപ്പിലാക്കുന്നത് വളരെ പ്രത്യാശയോടുകൂടി ഉറ്റുനോക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞകാര്യം വളരെ ഗൗരവമായിട്ടുതന്നെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. അത് തുടർന്നും

ചെയ്യും. ഇപ്പോഴുണ്ടായ സംഭവങ്ങൾ ഐ.ബി.യുടെ പരിധിയിലായതുകൊണ്ട് നമുക്ക് നേരിട്ട് അന്വേഷണം നടത്താൻ കഴിയാത്തസാഹചര്യത്തിൽ ഐ.ബി. യോട് ഇതിന്റെ മുഴുവൻ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നും ഇതു പോലുള്ള സംഭവങ്ങൾ ഇവിടെ ആവർത്തിക്കാതിരിക്കാൻ കരുതൽ നടപടി കൾ എടുക്കണമെന്നും ആവശ്യപ്പെടും.